# 2020ൽ ബോംബെ ഡൈയിങ് വിറ്റുവരവ് ലക്ഷ്യം 1000 കോടി

കൊച്ചി > കിടക്കവിരിയുടെയും ടൗവലുകളുടെയും രംഗത്തെ മുൻനിര ബ്രാൻഡായ ബോംബെ ഡൈയിങ് 2020ഓടെ 1000 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിട്ട് പ്രവർത്തനം വിപുലീകരിക്കുന്നു. ഇതിന്റെ ഭാഗമായി ഉൽപ്പന്ന നിർമാണ രംഗത്തുനിന്നു പിന്മാറി റീട്ടെയിൽ രംഗത്തേക്കു പ്രവർത്തനം വിപുലീകരിക്കാനൊരുങ്ങുകയാണെന്ന് ബോംബെ ഡൈയിങ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നാഗേഷ് രാജണ്ണ വാർത്താസമ്മേളനത്തിൽ പറഞ്ഞു. യുവാക്കളുടെ ബ്രാൻഡാവുക എന്ന ലക്ഷ്യത്തോടെ മുന്നേറാനൊരുങ്ങുന്ന കമ്പനി ലോഗോയുൾപ്പെടെ പുതുതായി അവതരിപ്പിക്കുകയാണ്. പതിറ്റാണ്ടുകളായി ബോംബെ ഡൈയിങ്ങിന്റെ ഉപയോക്താക്കളായുള്ളവർക്ക് അവരുടെ അഭിരുചിക്കിണങ്ങുന്ന ഡിസൈൻ ഒരുക്കും. കൂടാതെ യുവാക്കൾക്ക് കൂടുതൽ പ്രസരിപ്പാർന്ന ഡിസൈനുകളും രാജ്യാന്തര ഡിസൈനുകളും തയ്യാറാക്കും. 2020 ഓടെ രാജ്യത്തൊട്ടാകെ 10,000 ബഹുബ്രാൻഡ് ഔട്ട്ലെറ്റുകൾ ആരംഭിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കമ്പനിയുടെ നിലവിലുള്ള 30 ഷോറൂമുകൾ എക്സ്പീരിയൻസ് കേന്ദ്രങ്ങളാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

ബോംബെ ഡൈയിങ്ങിന്റെ പ്രമുഖ വിപണികളിലൊന്നായ കേരളത്തിലും വിപുലീകരണപദ്ധതികളുണ്ട്. നിലവിൽ 30 കോടി രൂപയുടെ വിറ്റുവരവുള്ള കേരളത്തിന്റെ വിഹിതം മൂന്നുവർഷത്തിനുള്ളിൽ 100 കോടിയായി വർധിപ്പിക്കും. ബഹുബ്രാൻഡുകളുടെ എണ്ണം 500 ആയും ഫ്രാഞ്ചൈസികളുടെ എണ്ണം 50 ആയും ഉയർത്തും. കേരളീയർക്കായുള്ള തനിമയാർന്ന ഉൽപ്പന്നങ്ങളും വിപണിയിൽ അവതരിപ്പിക്കും. ബോംബെ ഡൈയിങ്ങിന്റെ ഇ-കൊമേഴ്സ് പോർട്ടൽ 2017 മാർച്ചിൽ അവതരിപ്പിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.